പ്രൊഫ. ഒ വിശ്വനാഥൻ ആചാരി

തിരുവനന്തപുരം

പൂജപ്പുര മുടവൻമുകൾ ആർദ്രയിൽ പ്രൊഫ. ഒ വിശ്വനാഥൻ ആചാരി (81, റിട്ട. ഗവ. സംസ്കൃത കോളേജ് പ്രിൻസിപ്പൽ) അന്തരിച്ചു. സംസ്കാരം തിങ്കൾ ഉച്ചയ്ക്ക് 12 മണിക്ക് ശാന്തികവാടത്തിൽ. ഭാര്യ: കെ എൻ സുമതിക്കുട്ടി (റിട്ട. പ്രൊഫസർ യൂണിവേഴ്സിറ്റി കോളേജ്). മക്കൾ: ഡോ. എം വി അനിൽകുമാർ (പ്രൊഫസർ, സൂപ്രണ്ട്, ഗവ. ആയുർവേദ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൂജപ്പുര), ഡോ. എം എസ് ആരതി (അസോസിയറ്റ് പ്രൊഫസർ, ഡിബി കോളേജ്, തലയോലപ്പറമ്പ്), ഡോ. എം എസ് അഞ്ജലി (അസോസിയറ്റ് പ്രൊഫസർ, എൽബിഎസ് എൻജിനിയറിങ് കോളേജ്, കാസർഗോഡ്), എം എസ് ആതിര (ഹയർ സെക്കൻഡറി അധ്യാപിക, ജിബിഎച്ച്എസ്എസ് കായംകുളം). മരുമക്കൾ: ഡോ. രാജി എസ്സ് ആർ (സീനിയർ മെഡിക്കൽ ഓഫീസർ, ജിഎഡി ചാങ്ങ), ഡോ. കെ പി സജി ലാൽ (മെമ്പർ, കേരളാ പബ്ലിക് സർവീസ് കമീഷൻ), പി കെ രതീഷ് (അസോസിയറ്റ് പ്രൊഫസർ, റീജണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, പിലിക്കോട്), എസ് ശശി (ഹൈസ്കൂൾ അധ്യാപകൻ, ജിബിഎച്ച്എസ്എസ് കായംകുളം).

എം കതിരേശൻ ആചാരി

വിഴിഞ്ഞം

തെരുവ് കാപ്പുകാടുവീട്ടിൽ എം കതിരേശൻ ആചാരി (85) അന്തരിച്ചു. ഭാര്യ: എ ലക്ഷ്മി. മക്കൾ: കെ രാജ്കുമാർ, എൽ ഗീതാകുമാരി, കെ സതീഷ് കുമാർ, എൽ ചിത്രാകുമാരി, എൽ ലത. മരുമക്കൾ: ഡി രാജമോഹനകുമാർ, പരേതനായ എ ശിവതാണു, പി അയ്യപ്പൻ, കെ പി ജയലക്ഷ്മി, ജി കല.

ഗോപി

വർക്കല

ചെമ്മരുതി ചാവടിമുക്ക് ചരുവിളവീട്ടിൽ ഗോപി (64) അന്തരിച്ചു. ഭാര്യ: അമ്മിണി. മക്കൾ: അനിത, സിന്ധു, സുനിത, വിനിത. മരുമക്കൾ: ലാൽ, വിജയൻ, സുരേഷ്, രാജേഷ്.

പ്രഭാകരൻ

കോവളം

താന്നിമൂട് വിനായക ഭവനിൽ പ്രഭാകരൻ (62) അന്തരിച്ചു. അച്ഛൻ: പരേതനായ കുട്ടൻ നാടാർ. ഭാര്യ: ഉഷാകുമാരി. മക്കൾ: യു പി അഞ്ജു, യു പി അനൂപ്. മരുമകൻ: രഞ്ജിത്ത്. സഞ്ചയനം വ്യാഴം 8.30ന്.

കെ ജി മോഹനകുമാർ

വട്ടിയൂർക്കാവ്

നീലികുളം ശ്രീവിഹാറിൽ കെ ജി മോഹനകുമാർ (67, റിട്ട. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്)അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ 10.30ന് വീട്ടുവളപ്പിൽ. ഭാര്യ: ശ്രീദേവി. മക്കൾ: എം എസ് ദിവ്യ (എൽവിയുപിഎസ് വെളുത്തമണൽ), എം എസ് ദൃശ്യ. മരുമക്കൾ: പി ജി പ്രദീപ്, വിഷ്ണു വേണുഗോപാൽ (അസിസ്റ്റന്റ് എൻജിനിയർ വാട്ടർ അതോറിറ്റി കൊല്ലം). സഞ്ചയനം ഞായർ രാവിലെ എട്ടിന്.

കെ രാജീവ് ലാൽ

കരുനാഗപ്പള്ളി

ആദിനാട് തെക്ക് മണ്ണൻ ശേരിൽ കെ രാജീവ് ലാൽ (79, റിട്ട. വില്ലേജ് ഓഫീസർ) അന്തരിച്ചു. ഭാര്യ: ശകുന്തള. മകൾ : രാധിക. മരുമകൻ: അനന്തു.സഞ്ചയനം 22ന് രാവിലെ 10ന്.

അബുസാലി

തിരുവനന്തപുരം

ജനറൽ ഹോസ്പിറ്റൽ പാറ്റൂർ തമ്പുരാൻമുക്ക് ടിസി 9/478 അസ്ന മാൻഷനിൽ (താര66) അബുസാലി (78, മുൻ എൻജിനിയർ, അബുദാബി വാട്ടർ ആൻഡ് ഇലക്ട്രിസിറ്റി ബോർഡ്) അന്തരിച്ചു. ഭാര്യ: സീനത്ത്. മക്കൾ: സുജ അബുസാലി, സജ്ന അബുസാലി. മരുമക്കൾ: ഡോ. മാഹീൻ (എസ് കെ ഹോസ്പിറ്റൽ, ഇടപ്പഴിഞ്ഞി), അസീഫ് കാദിർ (ഐഐടി മുംബൈ).

സുകുധരൻ

കൊടങ്ങാവിള

ഒലിപ്പുശാല ദേവി നിലയത്തിൽ സുകുധരൻ (61) അന്തരിച്ചു. ഭാര്യ: എസ് രമാദേവി. മക്കൾ: എസ് ആർ സുരേഷ്, എസ് ആർ ലാലു കുമാർ. മരുമക്കൾ: ഭുവനേശ്വരി, അർച്ചന. സഞ്ചയനം തിങ്കൾ ഒമ്പതിന്.

ബി മോഹനൻ

ബാലരാമപുരം

ശാന്തിപുരം കുന്നത്തുവീട്ടിൽ ബി മോഹനൻ (70, റിട്ട. കെഎസ്ഇബി) അന്തരിച്ചു. ഭാര്യ: ദമയന്തി. മകൾ: ദീപ. മരുമകൻ: ശരൺ. സഞ്ചയനം വെള്ളി 8.30ന്.

ജി മോഹനദാസ്

വടശേരിക്കോണം

ചിറയിൽവീട്ടിൽ ജി മോഹനദാസ് (85) അന്തരിച്ചു. ഭാര്യ: സി എസ് വിജയകുമാരി. മക്കൾ: ഷൈൻദാസ്, ഷാംദാസ്, ഷീനാറാണി. മരുമകൻ: രാജു. സഞ്ചയനം ബുധൻ രാവിലെ എട്ടിന്.

സുരേന്ദ്രൻ

നെടുമങ്ങാട്

ആനാട് സായൂജ്യ നിവാസിൽ സുരേന്ദ്രൻ (58, റിട്ട. ആർമി) അന്തരിച്ചു. ഭാര്യ: അമ്പിളി. മക്കൾ: സജിത്, സായൂജ്യ. സംസ്കാരം തിങ്കൾ ഉച്ചകഴിഞ്ഞ് വീട്ടുവളപ്പിൽ.

കെ എൻ പീതാംബരൻ

പാറമ്പുഴ

കുഴിചാലിൽ കെ എൻ പീതാംബരൻ(83) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ മൂന്നിന് തറേപ്പടിയിലെ മകന്റെ വസതിയിൽ. ഭാര്യ: വി എൻ രാധ. മക്കൾ: കെ പി ശിവദാസ്(എഎച്ച്ഡി, പാലക്കാട്), ഡോ. കെ പി ജയചന്ദ്രൻ (എംജി യൂണിവേഴ്സിറ്റി), ഡോ. കെ പി സുരേന്ദ്രൻ (എൻഐഐഎസ്ടി തിരുവനന്തപുരം), കെ പി തുളസീദാസ്.

ഒ സാമുവൽകുട്ടി

പുനലൂർ

കുതിരച്ചിറ ബ്ലൈസ് ബിൻ ഹൗസിൽ ഒ സാമുവൽകുട്ടി (72) അന്തരിച്ചു. സംസ്കാരം ചൊവ്വ രാവിലെ 10ന് പുനലൂർ ദ പെന്തക്കോസ്ത് മിഷൻ സഭാ ഹാളിൽ. ഭാര്യ: സൂസൻ സാമുവൽ. മക്കൾ: ബിൻസൻ സാമുവൽ. ബ്ലസൻ സാമുവൽ, ബ്ലസി സൂസൻ സാമുവൽ. മരുമക്കൾ: അനുപമ ബിൻസൻ, സൈജി ബ്ലസൻ, ബെറ്റ്സൻ ബാബു.

പി ഗോപാലപിള്ള

പേരൂർക്കട

മുക്കോലയ്ക്കൽ സോണൽ ഓഫീസ് ലെയ്ൻ കണിവിളാകം 76, കൈലാസത്തിൽ പി ഗോപാലപിള്ള (95) അന്തരിച്ചു. ഭാര്യ: പരേതയായ വസുമതിയമ്മ. മക്കൾ: പരേതനായ ജി സുഭാഷ് ചന്ദ്രൻ, വി പുഷ്പലത, ജി അജിത്കുമാർ, വി പ്രേമലത. മരുമക്കൾ: രജനി പൂക്കാട്ട്, എസ് ശശികുമാർ, സിന്ധു റാണി, വിജയേന്ദ്രൻ. സഞ്ചയനം ഞായർ 8.30ന്.

വിക്രമൻ നായർ

ഇടയ്ക്കോട്

നാൽപ്പുറത്ത് കൊട്ടറത്തൽ മേലെ വിജയ നിവാസിൽ വിക്രമൻ നായർ (71) അന്തരിച്ചു. ഭാര്യ: വിജയകുമാരി. മക്കൾ: പരേതനായ പ്രതാപചന്ദ്രൻ, പ്രദീപ് കുമാർ. മരുമകൾ: ബീന. സഞ്ചയനം വെള്ളി 8.30ന്

ബി ജി വിനോദ്കുമാർ

പോത്തൻകോട്

കരൂർ ഗോപാലത്തിൽ ബി ജി വിനോദ്കുമാർ (48) അന്തരിച്ചു. ഭാര്യ: ബിനുഷ. മക്കൾ: ആദികേശ്, ദക്ഷ്. സഞ്ചയനം ബുധൻ ഒമ്പതിന്.

ബി ബി വിഷ്ണു

തിരുവനന്തപുരം

പാപ്പനംകോട് സത്യൻ നഗർ എസ്റ്റേറ്റ് ബാബുഭവൻ തെക്കേ മഠത്തിൻകുഴി വീട്ടിൽ ബി ബി വിഷ്ണു (24) അന്തരിച്ചു. അച്ഛൻ: ബാബു. അമ്മ: ബീന. ഭാര്യ: ഗീതു. സഹോദരി: വിജി. സഞ്ചയനം തിങ്കൾ ഒമ്പതിന്.

രത്നാകരൻ നായർ

കിളിമാനൂർ

നഗരൂർ ആൽത്തറമൂട് പടിഞ്ഞാറ്റുവീട്ടിൽ രത്നാകരൻ നായർ (68) അന്തരിച്ചു. ഭാര്യ: രതി. മക്കൾ: രമ്യ (ആരോഗ്യവകുപ്പ്), രാഹുൽ.

ചാക്കോ ചെറിയാൻ

കുറിച്ചി

കളക്കാട്ടായ നെടുംപെട്ടിയിൽ ചാക്കോ ചെറിയാൻ (തങ്കച്ചൻ,83) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ മൂന്നിന് കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ പള്ളിയിൽ. കുറിച്ചി സഹകരണ ബാങ്ക് പ്രസിഡന്റ്, വിമോചന സമര കാലത്ത് ജയിൽ വാസം അനുഭവിച്ചിട്ടുണ്ട്. ഭാര്യ: മോളി ചെറിയാൻ. മക്കൾ: അനിൽ ജേക്കബ് (റേഷൻ), നിഷിൽ ജേക്കബ് (ബഹറിൻ), ജിതിൻ ജേക്കബ് (മുംബൈ). മരുമക്കൾ: ബിജു കെ മാത്യു, മനു കുരീക്കൽ, സജിനി അനിൽ.

ചെല്ലമ്മ

തൂക്കുപാലം

കൂട്ടാർ കൊല്ലക്കാട്ട് ചെല്ലമ്മ(82) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ മൂന്നിന് വീട്ടുവളപ്പിൽ. ഭർത്താവ്: രാജൻ. മക്കൾ: ഉഷാകുമാരി, ബിന്ദു, മാലിനി, പരേതരായ ലേഖമ്മ, സന്തോഷ്. മരുമക്കൾ: സുകുമാരൻ, സോമൻ, ലിജു, ഉത്തമൻ, ഷാജു.

വി കമലാസനൻ

വർക്കല

ശ്രീനിവാസപുരം ശിവശൈലത്തിൽ വി കമലാസനൻ (82) അന്തരിച്ചു. സംസ്കാരം തിങ്കൾ രാവിലെ 10ന്. ഭാര്യ: പരേതയായ കെ എസ് രാധ. മക്കൾ: ഹരിപ്രിയ, അജയൻ, അരുൺ, അനിത. മരുമക്കൾ: സിദ്ധാർഥൻ, ആശ, സുനിൽകുമാർ.

ജി മനോഹരൻ നായർ

വിളപ്പിൽശാല

പുറ്റുമ്മേൽക്കോണം കൃഷ്ണ നിവാസിൽ ജി മനോഹരൻ നായർ (69) അന്തരിച്ചു. ഭാര്യ: ചന്ദ്രമതിയമ്മ. മക്കൾ: രജനി, മനോജ്. മരുമക്കൾ: കൃഷ്ണകുമാർ, അഞ്ജന. സഞ്ചയനം വെള്ളി 8.30ന്.

മണികണ്ഠൻ നായർ

കോവളം

വെങ്ങാനൂർ പനങ്ങോട് രശ്മി ഭവനിൽ മണികണ്ഠൻ നായർ (82) അന്തരിച്ചു. ഭാര്യ: ശാന്തകുമാരി. മക്കൾ: രശ്മി, ധന്യ. മരുമക്കൾ: പ്രമോദ്, ആഭിലാഷ്. സഞ്ചയനം: വെള്ളി രാവിലെ എട്ടിന്.

ഡി അപ്പു

കോവളം

വാഴമുട്ടം ചെങ്കോടി തോപ്പിൽ വീട്ടിൽ ഡി അപ്പു (85) അന്തരിച്ചു. ഭാര്യ: കൃഷ്ണമ്മ. മക്കൾ: കെ ഓമന, കെ വിലാസിനി, കെ സുനിത, എ അനിൽകുമാർ. മരുമക്കൾ : മുരുകേശൻ, വിജയൻ, രാധാകൃഷ്ണൻ, ജലജ. സഞ്ചയനം വ്യാഴം 8.30ന്.

കെ ശങ്കരൻ നായർ

തൊടുപുഴ

അരിക്കുഴ പുത്തൻപുരയിൽ കെ ശങ്കരൻ നായർ(94) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ 11ന് വിട്ടുവളപ്പിൽ. ഭാര്യ: പരേതയായ അംബികദേവി. മക്കൾ: കെ എസ് ഷാജി(എംഡി ശ്രീനിധി ലിമിറ്റഡ്), ഡോ. കെ എസ് ലാൽ, കെ എസ് ഷീല (കമ്യൂണിറ്റി ഓർഗനൈസർ അർച്ചന വിമൻസ് സെന്റർ ഏറ്റുമാനൂർ). മരുമക്കൾ: കുമാരി ഷാജി(വെട്ടേത്ത് പിറവം), മഞ്ജു ആർ മേനോൻ(പല്ലവി തൃക്കാക്കര), പി സുരേഷ്കുമാർ(റിട്ട. സാമൂഹ്യനീതി ഓഫീസർ വലിയകൊട്ടാരത്തിൽ ഏറ്റുമാനൂർ).

ജോൺ

ശാന്തിഗ്രാം

ഇടിഞ്ഞമല കുളമക്കാട്ട് ജോൺ(92) അന്തരിച്ചു. സംസ്കാരം തിങ്കൾ മൂന്നിന് കട്ടപ്പന സെന്റ് ജോൺസ് സിഎസ്ഐ പള്ളി സെമിത്തേരിയിൽ. ഭാര്യ: മേരി കുമളി പള്ളിക്കൂടത്തിൽ കുടുംബാംഗം. മക്കൾ: ജോണി, അന്നമ്മ, ലിസി, ജെസി, റോയി, സുനി. മരുമക്കൾ: ഹെൻട്രി, സണ്ണി, ഫ്രാൻസിസ്, സണ്ണി, ലിസി, മേബിൾ.

ആർ രാമകൃഷ്ണപിള്ള

മങ്ങാട്

നെല്ലിയിൽ ആർ രാമകൃഷ്ണപിള്ള (74, റിട്ട. ഡെപ്യൂട്ടി തഹസിൽദാർ) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ 11ന്. ഭാര്യ: സി വിമല, മക്കൾ: വി ആർ രമ്യ, വി ആർ ധന്യ, വി ആർ ധനേഷ്. മരുമക്കൾ: എസ് രാജേഷ്, ബിജി, സി ആതിര. സഞ്ചയനം ഞായർ രാവിലെ എട്ടിന്.

തങ്കമണി

തിരുമല

എഇആർഎ 239ൽ തങ്കമണി (60) അന്തരിച്ചു. ഭർത്താവ്: അനിൽകുമാർ. മക്കൾ: അരവിന്ദ് (ചാർട്ടേർഡ് അക്കൗണ്ടന്റ്), അർച്ചന. മരുമക്കൾ: പൗർണമി, ശ്രീജിത്. സഞ്ചയനം വ്യാഴം 8ന്.

സരോജം

മാറനല്ലൂർ

എസ്എസ് ഭവനിൽ സരോജം (68) അന്തരിച്ചു. ഭർത്താവ്: പരേതനായ സോമൻ. മക്കൾ: എസ് എസ് മിനി, എസ് എസ് സന്തോഷ്. മരുമക്കൾ: ജി ജയകുമാർ, ദിവ്യ. സഞ്ചയനം വ്യാഴം എട്ടിന്.

എ പത്മാവതി

തിരുവനന്തപുരം

പുല്ലുവിള കൊച്ചുപള്ളി കെടിപി ഹൗസിൽ എ പത്മാവതി (79) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ തങ്കപ്പൻ പണിക്കർ. മക്കൾ: ചിത്ര, ഇന്ദുലേഖ. മരുമക്കൾ: വിജയകുമാർ, ഹരി. സഞ്ചയനം വ്യാഴം എട്ടിന്.

പി ലീല

ശ്രീകാര്യം

ചേങ്കോട്ടുകോണം പാർവതി ഗാർഡൻസ് കുന്നുവിള പുത്തൻവീട്ടിൽ പി ലീല (71) അന്തരിച്ചു. ഭർത്താവ്: പരേതനായ രവീന്ദ്രൻ. മക്കൾ: എൽ സുനിത, എൽ സുമ, എൽ സുജി. മരുമക്കൾ: ഡി ദീപു, ടി അശോകൻ, ബി ജി ബിനോയ്. സഞ്ചയനം വ്യാഴം 8.30ന്.

സിസ്റ്റർ ജോവാൻ

പാലമ്പ്ര

ധർമഗിരി സന്യാസിസമൂഹാംഗം സിസ്റ്റർ ജോവാൻ എംഎസ്ജെ (ത്രേസ്യാമ്മ – 87) അന്തരിച്ചു. സംസ്കാരം ബുധൻ രാവിലെ 10ന് ലഖ്നൗവിൽ. പാലമ്പ്ര പാറടിയിൽ പരേതരായ പി കെ ജോസഫ് ഏലിക്കുട്ടി ദമ്പതികളുടെ മകളാണ്. 60 വർഷം ഉത്തർപ്രദേശിലെ വിവിധ ആശുപത്രികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സിസ്റ്റർ മരിയ ഗോരേത്തി

ഭരണങ്ങാനം

ക്ലാരമഠാംഗം സിസ്റ്റർ മരിയ ഗോരേത്തി കുഴിവേലിൽ എഫ്സിസി(95) അന്തരിച്ചു. സംസ്കാരം ചൊവ്വ രാവിലെ 9.30ന് ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോന പള്ളി സെമിത്തേരിയിൽ. ഭരണങ്ങാനം, വിമലഗിരി, ഇടപ്പാടി, അമ്പാറനിരപ്പേൽ, കിഴപറയാർ, വിമല സ്റ്റഡി ഹൗസ് മഠങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സഹോദരങ്ങൾ: പരേതരായ കെ ടി കത്രി വെട്ടിയാങ്കൽ(കാഞ്ഞിരപ്പള്ളി), കെ ടി ജോസഫ് (ആനിക്കാട്), സിസ്റ്റർ മേരി തോമസ്, കെ ടി തോമസ്(ആനിക്കാട്), സിസ്റ്റർ പീയൂസ് മരിയ (എസ്എച്ച് കുളത്തുവയൽ), ഫാ. മാത്യു കുഴിവേലിൽ (കാഞ്ഞിരപ്പള്ളി).

വി എം അഗസ്റ്റ്യൻ

ജോസ്ഗിരി

വെള്ളേപ്പിള്ളിൽ വി എം അഗസ്റ്റ്യൻ (73, റിട്ട. പോസ്റ്റ്മാൻ) അന്തരിച്ചു. ഭാര്യ: ചിന്നാർ പ്ലാത്തോട്ടത്തിൽ കുടുംബാംഗം ലിലാമ്മ. മക്കൾ: ലിൻസി, ബിൻസൺ(ഇരുവരും ഓസ്ട്രേലിയ), അനോജ്. മരുമക്കൾ: ഇന്നസെന്റ്, പ്രിൻസി(ഓസ്ട്രേലിയ) ജോമി.

ശാരദ

പോത്തൻകോട്

വാവറയമ്പലം രജനി ഭവനിൽ ശാരദ (99) അന്തരിച്ചു. മക്കൾ: രത്നമ്മ, വിജയന്തി, അംബിക, പരേതനായ വിജയൻ. മരുമക്കൾ: ശോഭ, ബാബു, ഗോപാലകൃഷ്ണൻ, പരേതനായ ശശി. സഞ്ചയനം വ്യാഴം എട്ടിന്.

എം പത്മകുമാരിയമ്മ

വർക്കല

ജനാർദനപുരം ഞാറക്കുഴിവീട്ടിൽ എം പത്മകുമാരിയമ്മ (61) അന്തരിച്ചു. ഭർത്താവ്: കെ സുരേന്ദ്രൻ നായർ. മക്കൾ: വിനോദ്, രേവതി, അശ്വതി. മരുമക്കൾ: അഭിലാഷ് കുമാർ, സന്തോഷ് കുമാർ.

പ്രേമലളിത

നെടുമങ്ങാട്

മുള്ളുവേങ്ങാമൂട് മേനൂർക്കോണം അഭിരാമ സദനത്തിൽ പ്രേമലളിത (58) അന്തരിച്ചു. ഭർത്താവ്: രാജശേഖരൻ നായർ. മക്കൾ: അഭിരാം, അനുപമ. മരുമക്കൾ: അനുപ്രസാദ്, ഹരികുമാർ. സഞ്ചയനം വ്യാഴം 8:30ന്.

കെ രാഗിണി

മലയിൻകീഴ്

മലയം ചൂഴാറ്റുകോട്ട കുന്നുവിളാകത്ത് വീട്ടിൽ കെ രാഗിണി (61) അന്തരിച്ചു. ഭർത്താവ്: മണിയൻ. മക്കൾ: സാജൻ, അനു, അഞ്ജു. മരുമക്കൾ: ലാലു, സജി. സഞ്ചയനം വെള്ളി എട്ടിന്.

ഏലിയാമ്മ

കമ്പംമെട്ട്

വറങ്ങണായിൽ ഏലിയാമ്മ(ചിന്നമ്മ, 90) അന്തരിച്ചു. സംസ്കാരം തിങ്കൾ രാവിലെ 9.30ന് മന്തിപ്പാറ സെന്റ് ലോറൻസ് മലങ്കര കത്തോലിക്കാ ദേവാലയ സെമിത്തേരിയിൽ. കുമളി കരിപ്പയിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ വി എം മാത്യു. മക്കൾ: മിനി, മാത്യു, ജിൻസി, ജിന, ലിജി. മരുമക്കൾ: ജോസ് കടമാൻകുളം, ലീമ റോസ്, ഹരികുമാർ, സണ്ണി തൊമ്മിക്കാട്ടിൽ, ബിന്നി വർഗീസ്.

ലീലാമ്മ ഏബ്രഹാം

കോന്നി

വകയാർ കൈതക്കര അയ്യംപ്ലാക്കൽ വീട്ടിൽ ലീലാമ്മ ഏബ്രഹാം (70) അന്തരിച്ചു. സംസ്കാരം തിങ്കളാഴ്ച രാവിലെ 10ന് വകയാർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിൽ. ഭർത്താവ്: എബ്രഹാം. മക്കൾ: ഷാരു മാത്യു, ഷിജു ഏബ്രഹാം (സിഐടിയു ജില്ലാ കമ്മറ്റിയംഗം). മരുമക്കൾ: പി വി മാത്യു (ഒമാൻ), ആശാറാണി (ജനാതിപത്യ മഹിള അസോസിയേഷൻ കോന്നി ഏരിയ കമ്മറ്റിയംഗം).

പി രാജമ്മ

പടിഞ്ഞാറേകല്ലട

വലിയപാടം കടപ്പാക്കുഴിയിൽ കണ്ടത്തിലഴികത്ത് വീട്ടിൽ പി രാജമ്മ (84) അന്തരിച്ചു. ഭർത്താവ്: പരേതനായ വാസുദേവൻ. മക്കൾ: പ്രകാശ്, മണി, പ്രദീപ്, പ്രസന്ന, പ്രസാദ്, രാജീവ്, സുനി, സുപ്രിയ. മരുമക്കൾ: സുഷ, ബിന്ദു, ഗീത, ഗോപാലകൃഷ്ണൻ, നിഷ, അശ്വതി, പരേതനായ പ്രേമാനന്ദൻ, സുഗതൻ. സഞ്ചയനം ഞായർ രാവിലെ ഏഴിന്.

സുബൈദാ ബീവി

കല്ലമ്പലം

നാവായിക്കുളം ഇരുപത്തെട്ടാം മൈൽ പാറക്കെട്ടിൽവീട്ടിൽ സുബൈദാ ബീവി (86) അന്തരിച്ചു. ഭർത്താവ്: പരേതനായ അലിയാരുകുഞ്ഞ്. മക്കൾ: ജമീലാബീവി, പരേതയായ നസീറാബീവി, നൂർജഹാൻ, റംലാബീവി, ഷാജഹാൻ, താജുന്നീസ, ഷക്കീനാബീവി, ശൈലാബീവി. മരുമക്കൾ: ഇസ്മായിൽ, പരേതനായ ഹമീദ്, ഹുസൈൻ, ഷംസുദ്ദീൻ, താഹിറ, പരേതനായ ബഷീർ, സലാഹുദ്ദീൻ, സിദ്ദിഖ്.

കെ ജി സരസമ്മ

ചേരപ്പള്ളി

പറണ്ടോട് ഐത്തി എസ് എൻ നഗർ ചന്ദ്രസദനത്തിൽ കെ ജി സരസമ്മ (78) അന്തരിച്ചു. സംസ്കാരം തിങ്കൾ രാവിലെ പത്തിന്. ഭർത്താവ്: പരേതനായ എസ് ബാലകൃഷ്ണപണിക്കർ. മക്കൾ: പ്രേമദത്തൻ (റിട്ട. കെഎസ്ആർടിസി ഡ്രൈവർ, ആര്യനാട് ഡിപ്പോ), ജനപ്രിയ, ഗാനപ്രിയ. മരുമക്കൾ: അമ്പിളി, പരേതരായ ചന്ദ്രസേനൻ, ശിവൻകുട്ടി. സഞ്ചയനം ഞായർ ഒമ്പതിന്.

ശ്രീദേവി അമ്മ

ശ്രീകൃഷ്ണപുരം

വാരിയത്തൊടി ശ്രീദേവി അമ്മ (96) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ 12ന് പാമ്പാടി ഐവർമഠം ശ്മശാനത്തിൽ. ഭർത്താവ്: അടിയാരത്തൊടി പരേതനായ ക്യാപ്റ്റൻ കുട്ടൻ നായർ. മക്കൾ: വിശ്വനാഥൻ (എൻജിനീയർ), നന്ദകുമാർ നായർ (റിട്ട. എസ്പി, സിബിഐ). മരുമക്കൾ: രുഗ്മിണി വിശ്വനാഥൻ, ഡോ. മായ നന്ദകുമാർ (സയന്റിസ്റ്റ്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം).

കാർത്ത്യായനിയമ്മ

മുരിക്കുംപുഴ

പാറയിൽ കാർത്ത്യായനിയമ്മ(84) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ പരമേശ്വരൻ നായർ. മക്കൾ: ചന്ദ്രശേഖരൻ നായർ, സുലോചന, പി പി ബാബു(സിപിഐ എം പൂഞ്ഞാർ ലോക്കൽ കമ്മിറ്റി അംഗം), പി പി ഷാജിമോൻ, പി പി മനോജ്, പരേതയായ അമ്മിണിക്കുട്ടി, ശോഭന. മരുമക്കൾ: തങ്കമണി, അനിത, ഷീല, ബിന്ദു.

വി ആർ ശോഭന

കൊടുങ്ങൂർ

മണ്ഡപത്തിൽ ശോഭന വി ആർ(60) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ 11ന് വീട്ടുവളപ്പിൽ. ഭർത്താവ്: ടി ഡി വി ജയകുമാർ (വാഴൂർ ഫാർമേഴ്സ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡംഗം). മക്കൾ. എം വി ഹരീഷ്, എം വി ഗിരീഷ് (എസ്എസ്എ കറുകച്ചാൽ).

ലളിതാമ്മ

കിഴക്കേകല്ലട

തെക്കേമുറി മുട്ടംവാഡിൽ 'മഴ'യിൽ ലളിതാമ്മ (80) അന്തരിച്ചു. ഭർത്താവ്: പരേതനായ ഭാസ്കരൻപിള്ള. മക്കൾ: പരേതനായ മനോജ് ബാബു, വസന്ത്കുമാർ (കെഎസ്എഫ്ഇ മാനേജർ), വൃന്ദാദേവി (കെഎസ്ആർടിസി). മരുമക്കൾ: ഗീതാദേവി, ഇന്ദു (വാട്ടർ അതോറിറ്റി), ബിനു. സഞ്ചയനം ഞായർ രാവിലെ എട്ടിന്.

രാധാമണി

ആറ്റിങ്ങൽ

മാമം പ്രണവത്തിൽ രാധാമണി (83) അന്തരിച്ചു. ഭർത്താവ്: ചിറയിൻകീഴ് താലൂക്ക് സിഐടിയു സ്വകാര്യ ബസ് തൊഴിലാളി യൂണിയൻ സ്ഥാപക നേതാവും ആദ്യ സെക്രട്ടറിയുമായിരുന്ന പരേതനായ ഗോപിനാഥൻ നായർ. മക്കൾ: ഗോപകുമാർ, ഗീത, ഗിരിജ, ജലജ. മരുമക്കൾ: ബിന്ദു, അശോക് കുമാർ, പരേതനായ വിനോദ്, രാജശേഖരൻ. സഞ്ചയനം വെള്ളി എട്ടിന്.

ഇ ജെ ബാലരാജ്

നെയ്യാറ്റിൻകര

വഴുതൂർ അറകുന്നുറോഡിൽ കാരുണ്യ വിലാസത്തിൽ ഇ ജെ ബാലരാജ് (75, റിട്ട. ഗവ. പ്രസ്) അന്തരിച്ചു. ഭാര്യ: പ്രസന്ന രാജം (റിട്ട. ഡെപ്യൂട്ടി കലക്ടർ). മക്കൾ: പി ബി ബിജു (അസിസ്റ്റന്റ് ഡയറക്ടർ ഇഎസ്ഐസി). പി ബി അജു (ഹയർ സെക്കൻഡറി അധ്യാപകൻ, വാളകം). പി ബി സിമി. മരുമക്കൾ: സ്മിത ബിജു (ഫിസിയോതെറാപ്പിസ്റ്റ്, ഐകോൺസ് തിരുവനന്തപുരം), വിദ്യ അജു (അധ്യാപിക, വാളകം), ഡി എസ് ബിനു (ഡെപ്യൂട്ടി ജനറൽ മാനേജർ ബിഇഎൽ, ഹൈദരാബാദ്). പ്രാർഥന ബുധൻ രാവിലെ 9.30ന്.

ജി പത്മകുമാരി

മുട്ടട

ചൂഴമ്പാല പാതിരപ്പള്ളി സിആർഎ104 പനങ്ങോട്ടു വീട്ടിൽ ജി പത്മകുമാരി (68) അന്തരിച്ചു. ഭർത്താവ്: പരേതനായ മോഹനൻ നായർ. മക്കൾ: രോഹിണി, രതീഷ്. മരുമക്കൾ: ജിതിൻ ശേഖർ, ചിഞ്ചു. സഞ്ചയനം വ്യാഴം 8.30ന്.

ഉഷാദേവി

കിളിമാനൂർ

കായാട്ടുകോണത്ത് പുത്തൻവീട്ടിൽ ഉഷാദേവി (55) അന്തരിച്ചു. ഭർത്താവ്: ശശിധരക്കുറുപ്പ് (റിട്ട. കൃഷിവകുപ്പ്) മക്കൾ: അശ്വതി (കനറാ ബാങ്ക് മാനേജർ, ബെംഗളൂരു), ഹരികൃഷ്ണൻ (ആരോഗ്യ വകുപ്പ്, പുലയനാർകോട്ട) മരുമക്കൾ: അരുൺ (ബെംഗളൂരു), കാർത്തിക (ആർസിസി, തിരുവനന്തപുരം).

എം എം സെബാസ്റ്റ്യൻ

കടനാട്

നീലൂർ മാളിയേക്കൽ (പാറേമ്മാക്കൽ) എം എം സെബാസ്റ്റ്യൻ (ദേവസ്യാച്ചൻ – 80) അന്തരിച്ചു. സംസ്കാരം ചൊവ്വ രാവിലെ 10.30ന് നീലൂർ സെന്റ് സേവ്യേഴ്സ് പള്ളി സെമിത്തേരിയിൽ. ഭാര്യ: അന്നക്കുട്ടി. മക്കൾ: അഡ്വ. സോണി (ബംഗളൂരു), ദീപ, മാത്യു (ചാർട്ടേഡ് അക്കൗണ്ടന്റ്). മരുമക്കൾ: ലിജി പൂതക്കുഴിയിൽ(മീനച്ചിൽ), ജിമ്മി വെട്ടുകാട്ടിൽ കോളപ്ര(റെയിൽവേ), ഇന്ദു പുത്തൻപുരക്കൽ (തൊടുപുഴ).

രത്നമ്മ

ഉള്ളായം

പുറക്കുന്നേൽ രത്നമ്മ (72) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ 11ന് വീട്ടുവളപ്പിൽ. റാന്നി വലിയകാവ് വടക്കേമണ്ണിൽ കുടുംബാംഗം. ഭർത്താവ്: ശിവരാമൻ. മക്കൾ: ഷിനിമോൾ, അഞ്ജു അനിൽ. മരുമക്കൾ: സന്തോഷ്, അനിൽകുമാർ.

പി ആർ പ്രദീപിന്റെ സംസ്കാരം ഇന്ന്

പത്തനംതിട്ട

സിപിഐ എം പത്തനംതിട്ട ഏരിയ സെക്രട്ടറിയും കർഷകസംഘം സംസ്ഥാന കമ്മിറ്റിയംഗവുമായ പി ആർ പ്രദീപിന്റെ സംസ്കാരം തിങ്കളാഴ്ച വീട്ടുവളപ്പിൽ നടക്കും. പകൽ ഒന്നിനാണ് സംസ്കാരം.

പത്തനംതിട്ട ജനറൽ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ച മൃതദേഹം തിങ്കളാഴ്ച രാവിലെ 7.30ന് സിപിഐ എം പത്തനംതിട്ട ഏരിയ കമ്മിറ്റി ഓഫീസിലും ഒമ്പതിന് ഇലന്തൂരിൽ ഇഎംഎസ് സഹകരണ ആശുപത്രിയിലും 9.15ന് ഇലന്തൂർ സർവീസ് സഹകരണ സംഘത്തിലും പൊതുദർശനത്തിന് വയ്ക്കും. രാവിലെ 10ന് മൃതദേഹം വീട്ടിലെത്തിക്കും. ശനിയാഴ്ച വൈകിട്ട് വീടിന് സമീപത്തെ കെട്ടിടത്തിലാണ് പ്രദീപിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ, സംസ്ഥാന സെക്രട്ടറിയറ്റംഗം പി കെ ബിജു, ആരോഗ്യ മന്ത്രി വീണാ ജോർജ് എന്നിവർ ഞായറാഴ്ച വീട്ടിലെത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.

തൂങ്ങിമരിച്ച നിലയിൽ

കിളിമാനൂർ

അജയകുമാർ

ചാരുപാറ ചേണിക്കുഴി കുന്നിൽ വീട്ടിൽ അജയകുമാറി (42, കൊച്ചുമോൻ)നെ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. കിളിമാനൂരിൽ ഓട്ടോ ഡ്രൈവറാണ്. ഞായർ രാവിലെയാണ് വീടിനു സമീപത്തുള്ള മരത്തിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടത്.

യുവാവ് കിണറ്റിൽവീണ് മരിച്ചു

രാജപുരം (കാസർകോട്)

വിഷ്ണു

ചൂതാട്ടകേന്ദ്രത്തിൽ പൊലീസ് എത്തുമെന്നുകരുതി ഭയന്നോടിയ യുവാവ് കിണറ്റിൽവീണ് മരിച്ചു. എണ്ണപ്പാറ പാത്തിക്കര കുഴിക്കോലിലെ വിഷ്ണു (24)വാണ് മരിച്ചത്. എണ്ണപ്പാറ ധന്യ ക്ലബ് ശനി രാത്രിയിൽ സംഘടിപ്പിച്ച ഫുട്ബോൾ മത്സരം നടക്കുന്നതിന് 50 മീറ്റർ അകലെ റോഡിന്റെ വശംചേർന്ന് പണംവച്ചുള്ള ചട്ടിക്കളി നടക്കുന്നുണ്ടായിരുന്നു. ഞായർ പുലർച്ചെ 12.30 ഓടെ റോഡിലൂടെ പൊലീസ് വാഹനം പോകുന്നതറിഞ്ഞ് വിഷ്ണു ഭയന്നോടി, സമീപത്തെ പറമ്പിലെ 20 കോൽ താഴ്ചയുള്ള ആൾമറയില്ലാത്ത കിണറ്റിൽ വീഴുകയായിരുന്നു. നാട്ടുകാർ ഉടൻ ആശുപത്രിൽ എത്തിച്ചെങ്കിലും മരിച്ചു. കാസർകോട് ജനറൽ ആശുപത്രിയിലെ പോസ്റ്റുമോർട്ടശേഷം മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു. അച്ഛൻ: വെള്ളൻ. അമ്മ: കാരിച്ചി. സഹോദരങ്ങൾ: അംബിക, മിനി.

അപകടത്തിൽ പരിക്കേറ്റ യുവാവ് മരിച്ചു

വൈക്കം

മൃദുൽ

ബൈക്കും കാറും കൂട്ടിയിടിച്ച് പരിക്കേറ്റ ബൈക്ക് യാത്രികൻ മരിച്ചു. വൈക്കം മുരിയൻകുളങ്ങര ബോഡിഫിറ്റ് ജിംനേഷ്യം ഉടമ പുലിപ്രയിൽ മൃദുൽ (അപ്പു—30) ആണ് മരിച്ചത്. ശനി രാത്രി എട്ടരയോടെ തൃപ്പൂണിത്തുറയിലായിരുന്നു അപകടം. മൃദുൽ സഞ്ചരിച്ച ബൈക്ക് കാറുമായി കൂട്ടിയിടിക്കുകയായിരുന്നു.

പിന്നാലെ വന്ന ടോറസ് ലോറിയുടെ അടിയിലേക്ക് തെറിച്ചുവീണ് കാലിന് ഗുരുതരമായി പരുക്കേറ്റ മൃദുലിനെ ഉടൻ എറണാകുളത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ഞായറാഴ്ച പുലർച്ചയോടെ മരിച്ചു. സംസ്കാരം പിന്നീട്. അച്ഛൻ: പരേതനായ മഞ്ജുനാഥ പൈ. അമ്മ: വിദ്യ. സഹോദരി: മീര(കാനഡ).

അപകടത്തിൽ പരിക്കേറ്റ ലോട്ടറി ഏജന്റ് മരിച്ചു

കാഞ്ഞിരമറ്റം

ബാബുമാത്യു

വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ലോട്ടറി ഏജന്റ് മരിച്ചു. മുത്തുമാക്കുഴിയിൽ ബാബുമാത്യു(51) ആണ് മരിച്ചത്. വ്യാഴാഴ്ച വൈകിട്ട് കാഞ്ഞിരമറ്റം ജങ്ഷനു സമീപമായിരുന്നു അപകടം. ഭിന്നശേഷിക്കാരനായ ബാബു സഞ്ചരിച്ച വാഹനം നിയന്ത്രണംവിട്ട് മറിയുകയായിരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ വെള്ളി പുലർച്ചെ മരിച്ചു. സംസ്കാരം തിങ്കൾ പകൽ രണ്ടിന് മാർസ്ലീവാ പള്ളിയിൽ. ഭാര്യ: എൽസി ബാബു കുറവിലങ്ങാട് തറയിൽ കുടുംബാംഗമാണ്. മക്കൾ: ശിൽപ, ശാലു, ശരൺ.

കാറിൽതട്ടി ബസിനടിയിൽപ്പെട്ട ബൈക്ക്‌യാത്രികർ മരിച്ചു

ചേർത്തല

പ്രണവ് പ്രമോദ്

ബിസ്മൽ ബാബു

കാറിൽ തട്ടി നിയന്ത്രണം തെറ്റിയ ബൈക്ക് സ്വകാര്യബസിന്റെ അടിയിൽ പ്പെട്ട് രണ്ട് യുവാക്കൾ മരിച്ചു. ബൈക്കിൽ സഞ്ചരിച്ച മൂന്നാമന് ഗുരുതരപരിക്ക്. പള്ളിപ്പുറം പഞ്ചായത്ത് ആറാം വാർഡ് വള്ളിക്കാട്ട് കോളനി മട്ടപ്പുറത്തുവെളി പ്രണവ് പ്രമോദ്(22), തൂവാനത്തുവെളി ബിസ്മൽ ബാബു(26) എന്നിവരാണ് മരിച്ചത്. പരിക്കേറ്റ വള്ളിക്കാട്ട് കോളനിയിലെ പ്രണവ് പ്രകാശനെ(24) കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഞായർ രാവിലെ 10.30ന് ചേർത്തല—അരൂക്കുറ്റി റോഡിൽ മാക്കേക്കവലയ്ക്ക് സമീപത്തായിരുന്നു അപകടം. പൂച്ചാക്കലിൽ വിവാഹത്തിൽ പങ്കെടുക്കാൻ പുലർച്ചെ വീട്ടിൽനിന്ന് പോന്നവരാണ് യുവാക്കൾ. ബസിന്റെ പിൻചക്രങ്ങൾ യുവാക്കളുടെ ദേഹത്തു കയറി. പ്രണവ് പ്രമോദ് സംഭവസ്ഥലത്ത് മരിച്ചു. മറ്റുള്ളവരെ പൂച്ചാക്കലിലെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ബിസ്മലിനെ രക്ഷിക്കാനായില്ല. പ്രണവ് ഇലക് ട്രീഷ്യനാണ്. അച്ഛൻ: പ്രമോദ്. അമ്മ: ഗീത. സഹോദരങ്ങൾ: പ്രതിഭ, പ്രീതി. ബിസ്മൽ നിർമാണത്തൊഴിലാളിയാണ്. അച്ഛൻ: പരേതനായ ബാബു. അമ്മ: മുഷ്റ(അരൂക്കുറ്റി സാമൂഹികാരോഗ്യകേന്ദ്രം നഴ്സിങ് അസി.). സഹോദരങ്ങൾ: വിനിഷ, അനീഷ.